# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)എറണാകുളം
## പാർക്ക് അവന്യൂ എറണാകുളം – 682 011
☎ 0484 -2360802 ✉ dmohekmoffice@gmail.com


**ഭരണഭാഷ മാതൃഭാഷ**

**രജിസ്റ്റേർഡ് കത്ത് കൈപ്പറ്റ് രസീത് സഹിതം**

Appendix H4

നമ്പർ : എ6-12789/2024

തീയതി: 08.01.2025

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീ. അരുൺ പി ബി എന്ന താങ്കൾ, എറണാകുളം ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ്II തസ്തികയിൽ ജോലി നോക്കിവരവെ, 15.03.2017 അപരാഹ്നത്തിൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. 02.03.2017-ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 15.03.2017 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. അനുവദിച്ച് കിട്ടിയ 5 വർഷത്തെ അവധി അവസാനിച്ച ശേഷം 16.03.2022-ൽ താങ്കൾ ജോലിയ്ക്ക് തിരികെ പ്രവേശിക്കുവാൻ അപേക്ഷ നല്കുകയോ അവധി നീട്ടികിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിരുന്നില്ല.

മേൽക്കാരണങ്ങളാൽ, താങ്കളുടെ Work & Conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ 1958-ലെ KS&SSR Part II ചട്ടം 19(a)(ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താല്ക്കാലികമായി തീരുമാനിക്കുന്നു. ടി. തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

ടി. വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൻസംബന്ധമായ വിശദീകരണം താങ്കളിൽ നിന്നും ടി. കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഡോ. ആശാദേവി**
**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),**
**എറണാകുളം.**

**സ്വീകർത്താവ് :** ശ്രീ. അരുൺ പി ബി,നഴ്സിംഗ് ആഫീസർ,
ജനറൽ ആശുപത്രി, എറണാകുളം
(സ്ഥാപനമേധാവി മുഖേന)

**പകർപ്പ് :**
1. സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം.
2. ഫയൽ/കരുതൽ ഫയൽ.

ks